(സി) ബാധകമല്ല.

(ഡി) ഒരു പ്രദേശത്തിന്റെ സാമൂഹികവും, സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ, വിദ്യാഭ്യാസ ആവശ്യകത, പ്ലസ് ടു അനുവദിക്കാനുദ്ദേശിക്കുന്ന സ്കൂളിൽ ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ, സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം, എസ്. എസ്. എൽ. സി. പാസ്സായ കുട്ടികളുടെ എണ്ണം മുതലായവയാണ് പ്ലസ് ടു ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ. ബി. എഡ്. കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ. സി. ടി. ഇ. യും യൂണിവേഴ്സിറ്റിയും വ്യക്തമായ മാനദണ്ഡങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാറുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ബി. എഡ്. കോഴ്സുകൾ അനുവദിക്കുന്നത്.

പുതിയ കോഴ്സുകൾ ആരംഭിക്കാൻ എൻ. ഒ. സി.

127 [679] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഇത വരെ സംസ്ഥാനത്ത് പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും ഏതെല്ലാം മേഖലയിൽ ഏതെല്ലാം കോഴ്സുകൾക്ക് എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻ. ഒ. സി.) നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ കോഴ്സുകളുടെ സാദ്ധ്യതാ പഠനം നടത്തി കോഴ്സുകൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് സമഗ്രമായി പരിശോധന നടത്തിയതിനുശേഷം മാത്രം എൻ. ഒ. സി. നൽകിയവർ എത്ര;

(സി) ഇതിൽ എൻ. ഒ. സി.ക്ക് അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം എൻ. ഒ. സി. നൽകിയിട്ടുള്ളവ എത്ര;

(ഡി) ഈ ഗവൺമെന്റിന്റെ കാലയളവിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിന് പ്രത്യേകം അപേക്ഷ ക്ഷണിക്കാതെ എൻ. ഒ. സി. നൽകുകയുണ്ടായി; എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എഞ്ചിനീയറിംഗ് കോളേജുകളിൽ പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. നൽകിയതിന്റെ വിശദാംശങ്ങൾ അനുബന്ധം I, II-ഉം ആയി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിവിധ മേഖലകളിൽ പുതിയ കോളേജുകൾ സ്ഥാപിക്കുന്നതിന് എൻ. ഒ. സി. നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

മെഡിക്കൽ കോളേജുകൾ (അനുബന്ധം-III)†	..	48
എഞ്ചിനീയറിംഗ് കോളേജുകൾ (അനുബന്ധം-IV)†	..	89
എം. ബി. എ. സ്ഥാപനങ്ങൾ (അനുബന്ധം-V)†	..	63
എം. സി. എ. കോളേജുകൾ (അനുബന്ധം-VI)†	..	89
ബി. എഡ്. കോളേജുകൾ (അനുബന്ധം-VII)†	..	10+64

റ്റി. റ്റി. ഐ./സി. ബി. എസ്. ഇ. സ്കൂളുകൾ തുടങ്ങാൻ എൻ. ഒ. സി. നൽകിയത് സംബന്ധിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) കോഴ്സുകളുടെ സാദ്ധ്യതാ പഠനം നടത്തി, കോഴ്സുകൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് സമഗ്രമായി പരിശോധന നടത്തിയതിനുശേഷം മാത്രമാണ് സംസ്ഥാന സർക്കാർ, എൻ. ഒ. സി. നൽകിവരുന്നത്.

(സി) എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, എം. ബി. എ. സ്ഥാപനങ്ങൾ, എം. സി. എ. സ്ഥാപനങ്ങൾ എന്നിവയ്ക്ക് അപേക്ഷിച്ച എല്ലാവർക്കും എൻ. ഒ. സി. നൽകിയിട്ടുണ്ട്. ബി. എഡ്. കോളേജുകൾ തുടങ്ങുന്നതിന് എൻ. ഒ. സി. ക്കായി ലഭിച്ച 291 അപേക്ഷകരിൽ 64 പേർക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(ഡി) പ്രത്യേകം അപേക്ഷ ക്ഷണിക്കാതെ ഒരു കോഴ്സുകൾക്കും എൻ. ഒ. സി. നൽകിയിട്ടില്ല.

കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. ലഭിക്കുന്നതിന് നൽകിയ അപേക്ഷകൾ

128 [680] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ കോഴ്സുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. ലഭിക്കേണ്ടതിലേക്ക് വിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം കോഴ്സുകൾക്ക് എത്ര അപേക്ഷ വീതം ഓരോ വർഷവും ലഭിക്കുകയുണ്ടായി; ഇവയിൽ എൻ. ഒ. സി. നൽകിയവ എത്ര; തള്ളിയവ എത്ര;

(ബി) അപേക്ഷിച്ച എല്ലാവർക്കും സർക്കാർ എൻ. ഒ. സി. നൽകിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly